

Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

.

## കോഴിക്കോട് സ്വദേശിയെ റബ്ബർ തോട്ടത്തിൽ വെച്ച് ആക്രമിച്ച് 10 ലക്ഷം രൂപ കൊള്ളയടിച്ച സംഭവത്തിൽ മുഖ്യ പ്രതി പിടിയിൽ

പഴയ സ്വർണ്ണം വിൽക്കാനുണ്ടെന്ന് പറഞ്ഞ് കോഴിക്കോട് സ്വദേശിയെ എടത്തനാട്ടുകര, ചൂരിക്കോട് എന്ന സ്ഥലത്തുള്ള റബ്ബർ തോട്ടത്തിൽ വിളിച്ചു വരുത്തി ആറംഗ സംഘം ആക്രമിച്ചു പത്ത് ലക്ഷം രൂപ കൊള്ളയടിച്ച സംഭവത്തിൽ ഒളിവിൽ കഴിയുകയായിരുന്ന മുഖ്യപ്രതിയെ നാട്ടുകൽ പോലീസ് അറസ്റ്റു ചെയ്തു. കോങ്ങാട്, പൂതംകോട് സ്വദേശി ശ്യാം വയസ്സ്: 28 നെയാണ് ഇന്നലെ രാത്രി പാലക്കാട് പുതുശ്ശേരിക്കടുത്തുള്ള ഒളിസങ്കേതത്തിൽ നിന്നും പാലക്കാട് ഡാൻസാഫ് സ്ക്വാഡിൻ്റെ സഹായത്തോടെ സാഹസികമായി പിടികൂടിയത്.



10 ലക്ഷം കവർന്നകേസിലെ മുഖ്യപ്രതി പിടിയിൽ

പണം കവർന്നത് പഴയസ്വർണം വിൽക്കാനെന്ന വ്യാജേന വ്യാപാരിയെ വിളിച്ചുവരുത്തി

കഴിഞ്ഞ വർഷം മെയ് 28 നാണ് കേസ്സിനാസ്പദമായ സംഭവം നടന്നത് . സംഭവത്തിനു ശേഷം നാലു പ്രതികളെ നാട്ടുകൽ പോലീസ് അറസ്റ്റു ചെയ്തിരുന്നു. ഒളിവിൽ പോയ മുഖ്യ പ്രതി ശ്യാം തമിഴ് നാട്ടിലും മറ്റുമായി ഒളിവിൽ കഴിഞ്ഞു വരികയായിരുന്നു. കുറച്ചു ദിവസമായി

പാലക്കാട് എത്തിയ രഹസ്യവിവരം ലഭിച്ചതിന്‍റെ അടിസ്ഥാനത്തിൽ പ്രതിയെ നിരീക്ഷിച്ചു വരികയായിരുന്നു. ഇതോടെ ഈ കേസ്സിൽ അറസ്റ്റിലായവരുടെ എണ്ണം അഞ്ചായി.

നാട്ടുകൽ ഇൻസ്പെക്ടർ ഹിദായത്തുള്ള മാമ്പ്ര, സബ് ഇൻസ്പെക്ടർ ഗ്ലാഡിങ് , ASI അരവിന്ദാക്ഷൻ, SCPO മാരായ അബ്ദുൾ നവാസ്, ബിനു, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ T. R. സുനിൽ കുമാർ, റഹിം മുത്തു, സൂരജ് ബാബു, K. അഹമ്മദ് കബീർ, K. ദിലീപ്, R. രാജീദ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

.........................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT